# ദ്യുതി

**GFVHSS KAIPAMANGALAM**



ഉള്ളടക്കപട്ടിക

## ആമുഖം

***കുട്ടികൾ ശലഭങ്ങളും വാക്കുകൾ പൂക്കളാകുകയുംചെയ്യുന്ന ഒരിടം----അതാണ് വിദ്യാലയം.***

ആ ആലയത്തിലെ കൊച്ചു പൂന്തോട്ടമായി ഒരു ഡിജിറ്റൽ മാഗസിൻ "**ദ്യുതി**"

# മാഗസിൻ അംഗങ്ങൾ

ആർദ്ര പി കെ

സാന്ദ്ര എം എസ്

ദേവി കെ ആർ

നിരഞ്ജൻ എം ഡി

നിഖിത കെ എൽ

നിമിത കെ ടി

ആദിൽ സമരിറ്റൻ

# മാറുന്ന ലോകവും മാനവികതയും

ദിനംപ്രതി മാറ്റങ്ങളുടെചിറകിനടിയിലേക്ക് പായുകയാണ് മനുഷ്യൻ. അതോടൊപ്പം സംസ്കാരം ,പൈതൃകം എന്നിവയും മറക്കുന്നു. സ്വന്തം വ്യക്തിത്വം മറന്ന് കർമ്മത്തിൽ ഏർപ്പെടുന്നവർ അനവധിയാണ്. ഒടുവിൽ ഇത്തരക്കാർ എല്ലാം മറന്ന് നിസ്സഹായരാകും.

കാലചക്രത്തിന്റെ നിലയ്ക്കാത്ത സ്പന്ദനമാണ് മനുഷ്യൻ എന്ന് മാനവികതയെക്കുറിച്ച് വാനോളം പ്രസംഹിച്ച സ്വാമി വിവേകാനന്ദൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും , പുരോഗമനത്തോടൊപ്പം , മാറ്റങ്ങൾക്കൊപ്പം എത്താൻ 'സംസ്കാരം ' എന്ന വസ്തുതയ്ക്ക് കഴി ഞ്ഞില്ല .മാറ്റങ്ങൾ രാജ്യത്തിനും ലോകത്തിനും

എന്തിന് മനുഷ്യജീവന്റെ നിലനിൽപ്പിന് അനിവാര്യമാണ്. എന്തെന്നാൽ എന്നും ഒരുപോലെ ചിരസ്ഥായിയായി നിലകൊള്ളുന്ന ഒന്നിന് 'പുരോഗതി' എന്ന് വിശേഷിപ്പിക്കാനാകില്ല .

ഇന്ന് മനുഷ്യനിൽ നിന്നും വിദൂരമായി നിലകൊള്ളുന്ന ഒരു വസ്തുതയാണ് മാനവികത. ശാസ്ത്രീയമായി പറഞ്ഞാൽ 'ഹ്യൂമാനിസം' . ഒരു മനുഷ്യന് മറ്റൊന്നിനോടുള്ള സമീപനം വ്യക്തിത്വത്തിനനുയോജ്യമായ പ്രവൃത്തികൾ , കർമ്മത്തിനടിസ്ഥാനമായ ചിന്തകൾ എന്നീ വസ്തുതകൾ മാനവികതയുടെ അടിസ്ഥാന തത്ത്വങ്ങളാണ്.

നവോത്ഥാന കാലത്തിനു മുൻപും പിൻപും മാനവികതയ്ക്ക് പ്രസക്തി ഏറെയാണ്. എന്നാൽ

ആ കാലഘട്ടത്തിൽ സ്വാതന്ത്ര്യ സമരകാലത്ത് നവോത്ഥാന നായകൻമാർ മാനവികതയ്ക്ക് അതായത് മനുഷ്യത്വത്തിന് പ്രാധാന്യം നൽകീയിരുന്നു.

പരസ്പരം പോരടിച്ചും കലഹിച്ചും കഴിയുന്ന മർത്യർ സ്വന്തം നിലയും വിലയും മറന്നുള്ള പേരുമാറ്റത്തിലൂടെ മാനവികതയുടെ മറ്റൊരു മുഖമായി പ്രതിഫലിക്കുന്നു. പോരാട്ടവീര്യം ചോരാത്ത ടിപ്പുവിന്റെയും , ഷാലമീയുടേയും കാലം ഇതിന് ഇണചേർത്തുവയ്ക്കാവുന്നതാണ്.

എന്നാൽ അതുപോലെതന്നെ മാനവികതയുടെ മറ്റൊരു മുഖമാണ് സാഹോദര്യവും,പരസ്പരസ്നേഹവും,വിശ്വസവും. അതിനായി ഒരു ദുരന്തം തന്നെ വേണ്ടി വന്നു. പ്രളയം ഇതിനൊരു ഉദാഹരണമാണ്.

*അതുവരെ ജാതിയുടെയും മതത്തിന്റെയും വർഗത്തിന്റെയും പേരിൽ വേർത്തിരിച്ച് കണ്ടവർ പ്രളയകാലത്ത് ഒരമ്മ പെറ്റവരെ പോലെ ഒരു പാത്രത്തിലുണ്ടും ഒരു പുതപ്പിൻ കീഴിൽ ഉറങ്ങിയും നാളുകൾ മുന്നോട്ട് നീക്കി. ഇതിലൂടെ 'മാനവീകത' എന്ന രീതിയിൽ ലോകത്തോട് വിളിച്ച പറയുന്ന താത്വികമായ യാഥാർത്യംഎന്തെന്നാൽ" ജാതിയും, മതവും, വർഗവും, കലഹവും" അല്ല "സാഹോദര്യവും, പരസ്പരവിശ്വസവും, ബന്ധങ്ങളുമാണ്". മാനവികതയുടെ പ്രതിച്ഛായ എന്നതാണ്.*

*ഇതിൽ ഇവിടെ വ്യക്തമായ മറ്റൊരു ഘടകമാണ് ബന്ധങ്ങൾ. ബന്ധങ്ങൾ പലത്തരത്തിലുള്ളതും പല മുഖങ്ങൾ*

ഉള്ളതുമാണ. ഉദാഹരണത്തിന്
കുടുംബക്കാർക്കിടയിലുള്ള ബന്ധങ്ങൾ,ഭാര്യാഭർ
ത്താക്കന്മാർ തമ്മിലുള്ള എന്നിവ.....ഇതിൽ പല
ബന്ധങ്ങളും പ്രഹസ്വനം മാത്രമാണ.
ഇഷ്ടബന്ധങ്ങൾ പ്രേമബന്ധങ്ങളായിമാറും
പിന്നെ ഒടുവിൽ വെമ്പാല പാമ്പിനെപ്പോലെ
വേരോടെ നശിപ്പിക്കുകയും ചെയ്യും. നാൾ
ക്കുനാൾ വർധിച്ചുവരുന്ന ഭീതിയുളവാക്കുന്ന ഒരു
പ്രവണതയാണ് പ്രണയം നിരസിച്ചാലുള്ള
പരിണതഫലങ്ങൾ. മുഖത്ത്
ആസിഡൊഴിക്കുക,കുത്തിപരിക്കേൽ
പ്പിക്കുക,മണ്ണെണ്ണ ഒഴിച്ച് കത്തിക്കുക
തുടങ്ങിയവയിലൂടെ മറ്റുള്ളവർ മാനവികതയുടെ
ഭീകരമുഖംതുറന്ന്കാട്ടുകയാണ് ഇത്തരം
പ്രവണത പ്രകടിപ്പിക്കുന്നവർ. പലരും

ലഹരിക്കടിമകളായിരിക്കും. സ്വന്തം കഴിവുകളെ കുഴിച്ച് മൂടികൊണ്ട് മറ്റു പലതിനും അടിമയാവുകയാണ്

മാറ്റങ്ങളുടെ കുത്തൊഴിക്കിൽ താഴ്ന്നും പൊങ്ങിയും നീങ്ങുന്ന മനുഷ്യൻ 'മാനവികത' മറക്കുന്നു. മാനലസംസ്കാരത്തിന് എതിരായി നിലകൊള്ളുന്നു. മുന്നോട്ടുള്ള നാളുകളും കഴിഞ്ഞുപോയ നാളുകളുംഓർമ്മപ്പെടുത്ത-ലായ് കരുതി മാനവികതയുടെ മുഖബിംബമായി നാം മാറേണ്ടിയിരിക്കുന്നു.

അഞ്ജന ജയൻ

9B

# സയൻസ് ലാബ്

# SCIENCE LAB










# വാനമ്പാടിയും രാജാവും

*ഒരിടത്തൊരിടത്ത് ഒരു രാജാവുണ്ടായിരുന്നു. രാജാവിന് വലിയ ഒരു കൊട്ടാരവും ഉണ്ടായിരുന്നു. കൊട്ടാരത്തിലെ പൂന്തോപ്പിൽ ഒരു വാനമ്പാടി എന്നും വന്നിരുന്ന് പാടാറുണ്ടായിരുന്നു. പാട്ടെന്നു വെച്ചാലൊ അതുപോലെ മാധുര്യം തുളുമ്പുന്ന പാട്ട് ആരും കേട്ടിട്ടില്ല. അതിനെ പിടിച്ച് മുന്നിൽ ഹാജരാക്കാൻ രാജാവ് സേവകരോട് കൽപിച്ചു. അവരതിനെ പിടിച്ചു കൊണ്ടുവന്നു. വാനമ്പാടിയെ കണ്ടപ്പോൾ രാജാവിന് നിരാശ തോന്നി. കണ്ടാൽ വർണ്ണഭംഗിയൊന്നും ഇല്ലാത്ത ഒരു പക്ഷി. രാജാവിന്റെ നിരാശ*

മനസ്സിലാക്കിയ വാനമ്പാടി അവിടെയിരുന്ന് നീട്ടിപാടി. ആ പാട്ടുകേട്ടപ്പോൾ രാജാവിന്റെ മനസ്സ് തളിരിതമായി. അദ്ദേഹം പൊട്ടികരഞ്ഞു. വാനാമ്പാടിയ്ക്ക് ആ കണ്ണുനീർ തന്നെയായിരുന്നു പ്രതിഫലം. അതിനു വലിയ സന്തോഷമായി. പക്ഷെ കുറച്ചു നാൾ കഴിഞ്ഞപ്പോൾ മനോഹരമായി പാടാൻ കഴിവുള്ള ഒരു യന്ത്രപക്ഷിയെ ആരോ രാജാവിനു സമ്മാനിച്ചു. രാജാവിന് വലിയ സന്തോഷമായി. യന്ത്രപക്ഷി രാജവിന് ഇഷ്ടമുള്ളതോക്കെ പാടും. താക്കോൽ കൊടുക്കുകയേ വേണ്ടു. അതു പറന്നുപോവുകയുമില്ല. ചുരുങ്ങിയ സമയത്തിൽ യന്ത്രപക്ഷിയായി എല്ലാവരുടേയും ഓമന.

വാനമ്പാടിയുടെ പാട്ട് കേൾക്കാൻ ആരും ഇല്ലാതായി.

കുറെ മാസങ്ങൾ കഴിഞ്ഞപ്പോൾ യന്ത്രപക്ഷിക്ക് എന്തോ തകരാറു സംഭവിച്ചു. അതിന്റെ പാട്ടും നിലച്ചു. അത് നന്നാക്കുവാൻ അറിയുന്ന ആരും ആ രാജ്യത്ത് ഉണ്ടായിരുന്നില്ല. രാജാവിനാണെങ്കിൽ ആ പക്ഷിയുടെ പാട്ടുകേൾക്കുന്നത് ഒരു ശീലമായി. ഒടുവിൽ ഉറങ്ങാതെയായി. അങ്ങനെ രാജാവിന് അസുഖം ബാധിച്ചു. കിടപ്പിലായി. രാജ്യത്തെ എല്ലാവരും ആശങ്കാകുലരായി. അന്നു രാത്രി വാനമ്പാടി തിരിച്ചു വന്നു. പൂന്തോപ്പിൽ ഇരുന്നു പാടി. രാജാവിന്റെ കണ്ണുനീർ അതിന് ഓർമ്മയുണ്ടായിരുന്നു. വാനമ്പാടി പാടുകയും

രാജാവ് ഉറങ്ങുകയും ചെയ്തു. ഉറങ്ങിയപ്പോൾ രാജാവിന്റെ അസുഖം ഭേദമായി. രാജാവ് യന്ത്രപക്ഷിയെ ദൂരെ കളഞ്ഞു. പിന്നീട് എന്നും അദ്ദേഹം ഉറങ്ങിയിരുന്നത് വാനമ്പാടിയുടെ പാട്ട് കേട്ടിട്ടായിരുന്നു.

നിഖിത KL

9A

# വരകൾ....... വിസ്മയങ്ങൾ









ദ്യുതി

# ജല സംരക്ഷണ മാർഗ്ഗങ്ങൾ

*ജല സംരക്ഷണത്തിന്റെ ഒരു മാർഗ്ഗം എന്നത് മഴവെള്ള സംഭരണമാണ്. കുളങ്ങൾ ,തടാകങ്ങൾ,കനാലുകൾ എന്നിവ നിർമ്മിക്കൽ ജല സംഭരണികളുടെ ശേഷി വർദ്ധിപ്പിക്കൽ . മഴക്കുഴികൾ ,വീടുകളിലും മറ്റും മഴവെള്ള സംഭരണികൾ സ്ഥാപിക്കൽ എന്നിവ മഴവെള്ള സംഭരണത്തിന്റെ വ്യത്യസ്ത രീതിയാണ്.

* ജലസംരക്ഷണത്തിന്റെ മറ്റൊരു മാർഗ്ഗം , ഭൂഗർഭജലം സ്രോതസുകളുടെ സംരക്ഷണമാണ്. മഴ പെയ്യുമ്പോൾ ഭൂമിയിൽ പതിക്കുന്ന ജലത്തിന്റെ ഒരു ഭാഗം മണ്ണിലൂടെ ആഴ്ന്നിറങ്ങി ഭൂമിക്കടിയിൽ സംഭരിക്കപ്പെടുന്നു.ഇത് ഭൂഗർഭജലം എന്ന് അറിയപ്പെടുന്നു.

ദ്യുതി

# ജല മലിനീകരണത്തിന്റെ കാരണങ്ങൾ

ജലം മികച്ച ലായകമായതിനാൽ ചെറിയ അളവിലും പദാർത്ഥങ്ങളെ ലയിപ്പിക്കുന്നു.ഇത് ജലമലിനീകരണ സാധ്യത വർ ദ്ധിപ്പിക്കുന്നു.ഭക്ഷ്യവസ്തുക്കൾ സംസ്കരിക്കുന്ന ഫാക്ടറികൾ, ചായം,തുണിത്തരങ്ങൾ,എന്നിവ കാർബണികമാലിന്യങ്ങൾ ഉണ്ടാകുന്നവയാണ്.പാറകളിൽ അടങ്ങിയിട്ടുള്ള ലവണങ്ങൾ പ്രകൃതിദത്ത ജലമലിനീകരണത്തിനുകാരണമാകുന്നു. കീടനാശിനികൾ,രാസവളങ്ങൾ എന്നീ ആധുനിക കൃഷി രീതികൾ ജലത്തെ മലിനമാക്കുന്നു.

ജല മലിനീകരണത്തിന്റെ കാരണങ്ങൾ

ജലം മികച്ച ലായകമായതിനാൽ ചെറിയ അളവിലും പദാർത്ഥങ്ങളെ ലയിപ്പിക്കുന്നു.ഇത് ജലമലിനീകരണ സാധ്യത വർദ്ധിപ്പിക്കുന്നു.ഭക്ഷ്യവസ്തുക്കൾ സംസ്കരിക്കുന്ന ഫാക്ടറികൾ, ചായം,തുണിത്തരങ്ങൾ,എന്നിവ കാർബണികമാലിന്യങ്ങൾ ഉണ്ടാകുന്നവയാണ്.പാറകളിൽ അടങ്ങിയിട്ടുള്ള ലവണങ്ങൾ പ്രകൃതിദത്ത ജലമലിനീകരണത്തിനുകാരണമാകുന്നു. കീടനാശിനികൾ,രാസവളങ്ങൾ എന്നീ ആധുനിക കൃഷി രീതികൾ ജലത്തെ മലിനമാക്കുന്നു.



# ദൂഷ്യഫലങ്ങൾ

ജലം മലിനപ്പെടുന്നതോടെ ജലത്തിൽ വസിക്കുന്ന ജീവികളുടെ ജീവനു ഭീഷണി ആകുന്നു. പല പത്രവാർത്തകളിലും കാണുന്ന മത്സ്യങ്ങൾ ചത്തു പൊന്തുന്നതിനു മറ്റും ഇതാണ് കാരണം .

ആധുനിക കാലത്ത് ജലം മനുഷ്യന് ചവറ്റുകുട്ടപോലെയാണ്. പല ജലസ്രോതസുകളിലും മറ്റും മാലിന്യങ്ങൾ വലിച്ചെറിയപ്പെടുന്നു. ജലത്തിലെ ഓക്സിജന്റെ അളവ് കുറയുകയും അതുമൂലം ജലത്തിലെ ജീവികൾ ചത്തുപൊന്തുകയും ചെയ്യുന്നു.

ശ്രീലക്ഷ്മി കെ എസ്

ദ്യുതി

# രക്തം കൊണ്ട് റോസാപ്പൂ

## തീർത്ത ഒരുവൾ

കരിപുരണ്ട പാത്രങ്ങളെ തേച്ചുതേച്ച് അവളുടെ ജീവിതവും കരിപിടിച്ചു. അടുക്കള നൊമ്പരങ്ങളുടെ ഇടമായപ്പോൾ അവളും ചിന്തിച്ചു. വയ്യ ഇനി എത്ര നാൾ.....?

അമ്മക്കിളിയുടെ അനങ്ങാത്ത ചിറകുകളെയും അവളെയും നോക്കി അട്ടഹസിച്ചവർ ആരാണ്? ഇടയ്ക്കെപ്പോഴോ പുസ്തകങ്ങൾ അവളെ മാടി വിളിച്ചപ്പോഴും അമ്മക്കിളിയുടെ തളർന്ന ചിറകുകളും അട്ടഹാസങ്ങളും അവളെ തളർത്തി കളഞ്ഞു. ജീവിതത്തെ അവൾ മണത്തറിഞ്ഞു.

ചുടുരക്തത്തിന്റെ രൂക്ഷഗന്ധം അവൾ അനുഭവിച്ചു.

വയ്യ...... ഇനി എത്രനാൾ.

കണ്ണീരുകൾ സമ്മാനിച്ച് അമ്മക്കിളി പറന്നുയർന്നു.

അട്ടഹാസങ്ങളും പരിഹാസങ്ങളും കൂടിക്കൂടി

വന്നപ്പോൾ അവൾ

ജീവിതം വെടിയാൻ വരെ തീരുമാനിച്ചു. എന്നാൽ

അവൾ ജീവിതത്തെ തിരിച്ചുപിടിക്കാൻ തന്നെ

ഉറച്ചു. അവൾ അന്നേരം പരിഹസിച്ചവരുടെ

മുഖത്ത് കാർക്കിച്ച് തുപ്പി. അവൾ

അട്ടഹസിച്ചവരെ കണ്ടില്ല. കരിപുരണ്ട പാത്രത്തെ

നോക്കിയവൾ പറഞ്ഞു. " ഞാനും പറക്കട്ടെ".

അവൾ ചിറകുകൾ വിടർത്തി പറന്നു. അറിവിൻ

അനന്തവിഹായസ്സിലേക്ക് അവൾ പറന്നു.

അതിരുകളില്ലാതെ അവൾ അവൾക്കു തന്നെ

മാതൃകയാവുകയായിരുന്നു. സ്നേഹിക്കാൻ ആരും

**ഇല്ലാത്ത അവൾ അറിവിനെ സ്നേഹിച്ചു. അങ്ങനെ അവൾ ആരാണെന്ന് അവൾ തന്നെ പറഞ്ഞു. ജീവിതത്തിലൂടെ പരിഹസിച്ചവരും അട്ടഹസിച്ചവരും അവളെ കണ്ട് സലാം വച്ചു. അനാഥയെന്ന് മുദ്രകുത്തിയവർ അവളെ ബഹുമാനിച്ചു. അവൾ ജീവിതത്തെ മണത്തറിഞ്ഞു. വസന്തത്തിലെ റോസപ്പൂക്കളുടെ മണം അവൾ അനുഭവിച്ചു.**

**നിരഞ്ജൻ MD**

**8A**















## സ്കൂൾ മേളകൾ

# *SPORTS*









ദ്യുതി





# നന്ദി........